ഖുത്ബ
**20.8.2004**
മൻഹൈം
ജർമനി

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

# പുകവലി, മദ്യപാനം, ചൂതാട്ടം തുടങ്ങിയവയെല്ലാം വ്യർത്ഥമായ കാര്യങ്ങളിൽപ്പെട്ടതാണ്, അവയിൽനിന്ന് രക്ഷപ്പെട്ടുനില്ക്കാൻ ശ്രമിക്കുക

തശഹ്ഹുദും തഅവ്വുദും സൂറാഫാതിഹാ തിലാവത്തിനും ശേഷം അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് സൂറത്തുൽ മുഅ്മിനീനിലെ രണ്ടു മുതൽ 12 വരെയുള്ള വചനങ്ങൾ തിലാവത്ത് ചെയ്തു.

قَدْ أَفْلَحَ الْمُؤْمِنُونَ ۝
الَّذِينَ هُمْ فِي صَلَاتِهِمْ خَاشِعُونَ ۝
وَالَّذِينَ هُمْ عَنِ اللَّغْوِ مُعْرِضُونَ ۝
وَالَّذِينَ هُمْ لِلزَّكَاةِ فَاعِلُونَ ۝
وَالَّذِينَ هُمْ لِفُرُوجِهِمْ حَافِظُونَ ۝
إِلَّا عَلَىٰ أَزْوَاجِهِمْ أَوْ مَا مَلَكَتْ أَيْمَانُهُمْ فَإِنَّهُمْ غَيْرُ مَلُومِينَ ۝
فَمَنِ ابْتَغَىٰ وَرَاءَ ذَٰلِكَ فَأُولَٰئِكَ هُمُ الْعَادُونَ ۝
وَالَّذِينَ هُمْ لِأَمَانَاتِهِمْ وَعَهْدِهِمْ رَاعُونَ ۝
وَالَّذِينَ هُمْ عَلَىٰ صَلَوَاتِهِمْ يُحَافِظُونَ ۝
أُولَٰئِكَ هُمُ الْوَارِثُونَ ۝
الَّذِينَ يَرِثُونَ الْفِرْدَوْسَ هُمْ فِيهَا خَالِدُونَ ۝

(23:2-12)

തിന്മയിലേക്ക് കൊണ്ടുപോകുന്നതും അല്ലാഹുവിൽനിന്ന് അകറ്റുന്നതുമായ ഒരുപാട് കാര്യങ്ങൾ മനുഷ്യൻ ചെയ്യാറുണ്ട്. ദീനീപരമായ അറിവുള്ള നല്ല യാളുകളും അത്തരം കാര്യങ്ങൾ ചെയ്യുന്നു. ഇങ്ങനെയുള്ള ആളുകൾ അത്തരം കാര്യങ്ങൾ ചെയ്യുമോ എന്നോർത്ത് അത്ഭുതപ്പെട്ടുപോകും. ഈ കാര്യങ്ങൾ അറിഞ്ഞോ അറിയാതെയോ ചെയ്യുകയാണെങ്കിലും നിരർത്ഥകവും നിഷ്ഫലവുമായ കാര്യങ്ങളിൽപ്പെടുന്നതാണ്. അത്തരം കാര്യങ്ങൾ ചെയ്യുന്നവർ അല്ലെങ്കിൽ പറയുന്നവർ, ഇത് നിസ്സാരവും ചെറുതുമായ കാര്യങ്ങളാണ്, തമാശയാണ്, രസത്തിനു പറയുന്ന കാര്യമാണ്, അല്ലെങ്കിൽ പ്രവർത്തിക്കുന്നകാര്യമാണ് എന്നൊക്കെയാണ് മനസ്സിലാക്കുന്നത്. എന്നാൽ, ഇക്കാര്യങ്ങളാണ് ചിലപ്പോൾ തിന്മയിലേക്ക് കൊണ്ടുപോകുന്നതും, അല്ലാഹുവിന്റെ കല്പന നടപ്പിൽ വരുത്തുന്നതിൽനിന്നും പിന്നാക്കം വലിച്ചുമാറ്റുന്നതുമെന്ന് അവർക്കറിയുകയില്ല. അതുകൊണ്ട് സത്യവിശ്വാസി അതിൽനിന്ന് എപ്പോഴും രക്ഷപ്പെട്ടിരിക്കേണ്ടതാണ്. കാരണം തന്റെ വിജയത്തിനും ജീവിത ലക്ഷ്യം നേടുന്നതിനും അല്ലാഹുവിന്റെ സംതൃപ്തി കരസ്ഥമാക്കുന്നതിനുംവേണ്ടി അതിൽനിന്ന് രക്ഷപ്പെടേണ്ടത് വളരെ നിർബന്ധമാണ്.

ഞാനോതിയ വചനങ്ങളിൽ അല്ലാഹു തആല തന്റെ സംതൃപ്തി കരസ്ഥമാക്കുന്നവർക്കും തന്റെ അനുഗ്രഹത്തിനും കടാക്ഷത്തിനും അവകാശികളാകുന്നവർക്കും തന്റെ സ്വർഗത്തിന്റെ അവകാശികളാകുന്നവർക്കും വിവിധ രീതികൾ പഠിപ്പിച്ചിരിക്കുന്നു. ഈ വഴികളിലൂടെ സഞ്ചരിക്കുകയും ഇങ്ങനെ നിങ്ങളെ പരിഷ്ക്കരിച്ചെടുക്കുകയും ചെയ്യുകയാണെങ്കിൽ എന്റെ സ്വർഗ്ഗത്തിന് അവകാശികളാകുമെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. എന്റെ സ്വർഗ്ഗം വരെ എത്തുന്നതിനുള്ള ചവിട്ടുപടിയ്ക്ക് ഇന്നയിന്ന നിലകളാണുള്ളതെന്ന് അല്ലാഹു നമുക്ക് പറഞ്ഞുതന്നിരിക്കുകയാണ്. ഓരോ പടിയിലും ചുവടുവയ്ക്കുമ്പോൾ എന്റെ സംതൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ശ്രമിച്ചാൽ ഫിർദൗസിന്റെ ഉടമസ്ഥരായിത്തീരും. അതായത് എല്ലാ ജന്നത്തുകളുടെയും സമുച്ഛയമായ ജന്നത്തിന് അർഹരായിത്തീരും. അല്ലാഹുവിന്റെ സ്വർഗത്തിന് അവകാശിയാകുന്ന ആ കർമ്മങ്ങൾ എന്തൊക്കെയാണ്. ഞാൻ പറഞ്ഞതുപോലെ ഇതിന് വിവിധ പടികളുണ്ട്. പറഞ്ഞു: ആദ്യത്തെ പടി നമസ്കാരത്തിൽ വിനയം കാണിക്കുക എന്നതാണ്. രണ്ടാമത്തെ പടി അനാവശ്യകാര്യങ്ങൾ (ലഗ്വിയാത്ത്) ഉപേക്ഷിക്കലാണ്. മൂന്നാമത്തെ പടി അല്ലാഹുവിന്റെ വഴിയിൽ ധനം ചെലവഴിക്കലാണ്. നാലാമത്തെ പടി ഫുറൂജിനെ സംരക്ഷിക്കലാണ്. അതായത് രഹസ്യ സ്ഥാനങ്ങളെയും അതുപോലെ തന്നെ വായ്, കണ്ണ്, ചെവി എന്നിവയേയും സംരക്ഷിച്ചുനിറുത്തുക. അവ ശരിയായ നിലയിൽ ഉപയോഗിക്കുക. അഞ്ചാമത്തെ പടി അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടും ചെയ്തിട്ടുള്ള ഉടമ്പടി പാലിക്കലും വാഗ്ദാനം നിറവേറ്റലുമാണ്. ആറാ

മത്തെ പടി, അവർ നമസ്കാരത്തെ സംരക്ഷിക്കുന്നവരായിരിക്കും എന്നതാണ്. അതായത്, ഒരു ചിന്തയോടുകൂടി തന്റെ നമസ്കാരം കൃത്യ സമയത്ത് നിർവഹിക്കുന്നതിലേക്ക് ശ്രദ്ധിക്കുന്നു. ഞാൻ ആദ്യം പറഞ്ഞതുപോലെ, തന്റെ ഫിർദൗസിന്റെയും, ജന്നത്തിന്റെയും അവകാശിയാകുന്നതിന് ഈ എല്ലാ പടികളും തരണം ചെയ്യേണ്ടി വരുമെന്ന് അല്ലാഹു പറയുന്നു. അവയിൽ ഒരു പടിയും വില കുറഞ്ഞതായി കാണരുത്. ഇത് ഘട്ടം ഘട്ടമായി അല്ലാഹുവിന്റെ ഉന്നതമായ സംതൃപ്തിയുടെ നിലവരെ നിങ്ങളെ എത്തിക്കുന്നതിനുവേണ്ടിയാണ്. അതുകൊണ്ടാണ് ഈ വചനങ്ങളുടെ തുടക്കത്തിൽതന്നെ, നിങ്ങളുടെ ജീവിത വിജയം, നിങ്ങളുടെ സാഫല്യം, ലക്ഷ്യം നേടുമെന്നുള്ള നിങ്ങളുടെ വാദം യാഥാർത്ഥ്യമാകുന്നത്, ആ എല്ലാ പടികളിലൂടെയും വിജയത്തോടെ നടക്കുമ്പോഴാണെന്ന് പറഞ്ഞിട്ടുള്ളത്. നന്മയുടെ നിലകൾ കരസ്ഥമാക്കുന്നതിന് എല്ലാ നന്മയും അനുഷ്ഠിക്കേണ്ടത് നിർബന്ധമാണ്. അതിനാൽ ഒരു നന്മയേയും ഒരു തരത്തിലും ചെറുതായി കാണരുത്. കാരണം അവസാന പടിയിൽ എത്തുന്നതുവരെ എപ്പോഴും അപകടമാണ്. ഈ അപകടം നിങ്ങളുടെ തലയ്ക്കുമീതെ കറങ്ങിക്കൊണ്ടിരിക്കുകയാണ്. ഒരു പടിയിൽ നിന്നും നിങ്ങളുടെ കാല് വഴുതിപ്പോകാൻ പാടില്ല. കാല് വഴുതിയാൽ നിങ്ങൾ നിങ്ങളുടെ ആദ്യ പടിയിൽ തന്നെ ചെന്നെത്തും. അതുകൊണ്ട് ഓരോ പടിയിലും കാലു വെച്ചുകൊണ്ട് തന്റെ ജീവിത ലക്ഷ്യം നേടി അല്ലാഹുവിന്റെ ജന്നത്ത് വരെ എത്തുന്നവരാണ് വിജയം നേടുന്ന സത്യവിശ്വാസികൾ. അവിടെയെത്തിക്കഴിഞ്ഞാൽ പിന്നെ ഭയപ്പെടേണ്ട കാര്യമില്ല. നിങ്ങൾ അതിൽ നിത്യവാസികളായിരിക്കും. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ അധ്വാനത്തെ പരിഗണിച്ചുകൊണ്ട് അല്ലാഹുവും നിങ്ങളെ സംരക്ഷിക്കുന്നതാണ്. ഈ വചനങ്ങളിൽ പറഞ്ഞിട്ടുള്ള നന്മയുടെ ഓരോ പടിയും വിശദീകരണാർഹമാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ഉം വളരെ വിശദീകരിച്ച് പറഞ്ഞിട്ടുണ്ട്. മുഴുവനും ഇവിടെ വിവരിക്കാൻ പറ്റുകയില്ല. അതുകൊണ്ട് ഈ പടികളുടെ രണ്ടാമത്തെ പടിയായ അതായത് *വല്ലദീനഹും അനില്ലഗ്‌വി മുഅ്‌രിളൂൻ* എന്നതിനെക്കുറിച്ച് അല്പം ചില കാര്യങ്ങൾ പറയുന്നതാണ്. അനാവശ്യകാര്യങ്ങൾ പറയുകയും ചെയ്യുകയും ചെയ്യുന്ന ഈ രോഗം ഇക്കാലത്ത് കൂടുതൽ വേരുപിടിച്ചുവരുന്നുണ്ട്. ഇക്കാരണത്താൽ ഈ രോഗം തബ്‌വയിലും തടസ്സമുണ്ടാക്കുന്നു. ഇതിന്റെ പ്രവർത്ത നം ഊഹിക്കാൻ പോലും പറ്റാത്തവിധം നടന്നുവരുന്നു. ഈ രോഗത്തിന്നടിപ്പെട്ടതിനു ശേഷവും, ഏതു രോഗത്തിനാണ് താൻ വിധേയനായിരിക്കുന്നതെന്ന ബോധം മനുഷ്യനുണ്ടാകുന്നില്ല. കാരണം, ഓരോ സ്ഥലത്തേയും ഓരോ പ്രദേശത്തേയും ഓരോ രാജ്യത്തേയും സമൂഹം മുഴുവൻ ഈ രോഗത്തിൽ അകപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഈ രോഗത്തിന്റെ പിടിയിലമർന്നതിനുശേഷവും, നാം അതിൽ അകപ്പെട്ടിരിക്കുന്നുവെന്ന് അറിയുകയില്ല. ചില അടുത്ത ബന്ധുക്കൾക്കുപോലും ഇത് അറിയാൻ കഴിയുന്നത്, ഈ അനാവശ്യകാര്യങ്ങൾ കാരണം അവരുടെ അവകാശങ്ങളെ അത് ബാധിക്കുമ്പോഴാണ്. ഭാര്യയുടെയും മക്കളുടെയും അവകാശങ്ങൾ ധ്വംസിക്കപ്പെടുമ്പോഴാണ് ഭാര്യ ബഹളം വയ്ക്കാൻ തുടങ്ങുന്നത്. അതിനു മുമ്പേ, അവളും സമൂഹത്തിന്റെ വെളിച്ചത്തിന്റെ പേരുപറഞ്ഞ് തന്റെ ഭർത്താവിന് 'ഹാഹാ' പറയുന്നവളായിരുന്നു. എന്നല്ല ചിലപ്പോൾ അവൾ തന്നെയും ആ അനാവശ്യകാര്യങ്ങളിൽ അകപ്പെട്ടിട്ടുമുണ്ടാകും. ഇപ്രകാരം തന്നെ മാതാപിതാക്കൾ, സുഹൃത്തുക്കൾ, സഹോദരങ്ങളൊന്നും, അപകടം തലയ്ക്കുമീതെ വരുന്നതു വരെ അതു ശ്രദ്ധിക്കുകയില്ല.

സുഹൃത്തിൽനിന്നോ ബന്ധുക്കളിൽനിന്നോ ഇന്നയാൾ അനാവശ്യകാര്യങ്ങളിൽ അകപ്പെട്ടിരിക്കുകയാണെന്ന് അറിയുന്നതു വരെ ജമാഅത്ത് വ്യവസ്ഥിതിക്കും അത് അറിയാൻ കഴിയുകയില്ല. പള്ളിയിൽ വരുന്നുണ്ടാകും, ജമാഅത്തിന് സേവനം ചെയ്യുന്നുണ്ടാകും, അതിനോടൊപ്പം ചില അനാവശ്യകാര്യങ്ങളിലും അകപ്പെട്ടിട്ടുണ്ടാകും. അതുകൊണ്ട് ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇതു സംബന്ധിച്ച് അല്പം പറയേണ്ടത് അനിവാര്യമാകുന്നു. ചിലർ ചിലകാര്യങ്ങൾ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടാകും. പക്ഷേ അവർക്കത് തിന്മയൊന്നും ആയിരിക്കുകയില്ല. വാസ്തവത്തിൽ അത് അനാവശ്യകാര്യങ്ങളിൽ പെട്ടതും നന്മയിൽ നിന്ന് അകറ്റിക്കൊണ്ടുപോകുന്നതും തന്നെയായിരിക്കും. ചിലപ്പോൾ ചില അനുവദനീയ കാര്യങ്ങളും അനവസരത്തിൽ പ്രയോഗിക്കുമ്പോൾ അതും അനാവശ്യകാര്യമായിത്തീരുന്നു.

അല്ലാമ ഫഖ്റുദ്ദീൻ റാസി '*വല്ലദീനഹും അനില്ലഗ്‌വി മുഅ്‌രിളൂൻ*' എന്ന വചനത്തിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു: ഇതു സംബന്ധിച്ച് വിവിധ അഭിപ്രായങ്ങളുണ്ട്. ഒന്ന് അല്ലഗ്‌വ് എന്നതിൽ എല്ലാ നിഷിദ്ധകാര്യങ്ങളും എല്ലാ വെറുക്കപ്പെട്ട കാര്യങ്ങളും പെടുന്നു. രണ്ടാമത്തേത്, അല്ലഗ്‌വ് എന്നതു കൊണ്ടുള്ള ഉദ്ദേശ്യം നിഷിദ്ധമായ കാര്യങ്ങൾ മാത്രമാണ്. മൂന്നാമത്തേത്, അല്ലഗ്‌വ് എന്ന പദം പ്രത്യേകമായ നിലയിൽ വാക്കിലും സംസാരത്തിലും വരുന്ന പാപങ്ങളാണ്. നാലാമത്തേത്, അല്ലഗ്‌വ് കൊണ്ടുള്ള ഉദ്ദേശ്യം ആവശ്യം ഇല്ലാത്ത അനുവദനീയമായ കാര്യങ്ങളാണ്.

വിവിധ വ്യാഖ്യാതാക്കൾ വിവിധ അർത്ഥങ്ങളാണ് അല്ലഗ്‌വിന് കൊടുത്തിട്ടുള്ളത്. അതായത് നിഷിദ്ധമായ കാര്യങ്ങൾ അനാവശ്യകാര്യങ്ങളിൽപെടുന്നു. ഇതു വ്യക്തമായും പറഞ്ഞിരിക്കുന്നു. വെറുക്കപ്പെട്ട കാര്യങ്ങൾ അനാവശ്യകാര്യങ്ങളിൽപ്പെട്ടതാ

ണ്. പ്രത്യേകിച്ച് സംസാരത്തിൽ അബദ്ധപരവും പാപപരവുമായ കാര്യങ്ങൾ പറയുന്നതിനെ അനാവശ്യകാര്യങ്ങൾ എന്നു പറയുമെന്ന് ഒരാൾ പറയുന്നു. സത്യവിശ്വാസികൾക്ക് ആവശ്യമില്ലാത്തതും എന്നാൽ അനുവദനീയമായിട്ടുള്ളതുമായ കാര്യത്തിനും അതവർ ചെയ്യുകയാണെങ്കിൽ അതും അനാവശ്യകാര്യത്തിൽപ്പെടുന്നതാണ്. നോക്കുക, അനാവശ്യകാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് എത്രമാത്രം ആഴത്തിൽച്ചെന്ന് ആളുകൾ അതിന്നർത്ഥം പറഞ്ഞിരിക്കുന്നു. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) പറയുന്നു: അല്ലഗ്‌വ്-എല്ലാ നിരർത്ഥകവും, എല്ലാപാപവും ലഗ്‌വിൽപെടുന്നു. ചീട്ടുകളി, ഗൻജിഫഃ (ചീട്ടുകളിപോലെ മറ്റൊരുകളി), ചതുരംഗം തുടങ്ങിയവയെല്ലാം വിലക്കപ്പെട്ടതാണ്. വാചകമടി, വിമർശനം തുടങ്ങിയവും. അതായത് എല്ലാതരം കളവും അബദ്ധജടിലവും, പാപപങ്കിലവുമായ സംസാരവും ചീട്ടുകളിയും അതുപോലുള്ള മറ്റു കളികളും - ഇക്കാലത്ത് കടകളിൽ മിഷ്യനുകൾ വെച്ചിരിക്കുന്നു, ചെറിയ കുട്ടികളിൽ ചൂതാട്ട ശീലമുണ്ടാക്കാൻ. പൈസ ഇട്ടുകഴിഞ്ഞാൽ ചില അക്കങ്ങളുടെ ഗൈമുകൾ ഉണ്ടാകും. ഇത്ര പൈസ ഇട്ടാൽ ഇത്ര പൈസ കിട്ടും. വിജയിച്ചാൽ വൻ തുക കിട്ടും - ഇതെല്ലാം അനാവശ്യകാര്യങ്ങളാണ്. ഇപ്രകാരം തന്നെ കൂടിയിരുന്ന് വാചകമടിക്കുക, മറ്റുള്ളവരുടെ മേൽ കുറ്റാരോപണം നടത്തുക ഇതെല്ലാം അനാവശ്യകാര്യങ്ങളിൽപ്പെട്ടതാണ്.

*വല്ലദീനഹും അനില്ലഗ്‌വി മുഅ്‌രിളൂൻ* എന്നതിനെഴുതിയ വിശദീകരണത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "സത്യവിശ്വാസിയുടെ രണ്ടാമത്തെ പ്രവൃത്തി അതായത് ഈമാനിക ശക്തി രണ്ടാം പടിയിലെത്തുകയും ആദ്യത്തെ അപേക്ഷിച്ച് ഈമാൻ അല്പം ശക്തിപ്രാപിക്കുകയും ചെയ്യുന്ന പ്രവൃത്തി, അഭിപ്രായം പറയാൻ യോഗ്യരായവരുടെ ദൃഷ്ടിയിൽ, സത്യവിശ്വാസി അനാവശ്യ ചിന്താഗതികളിൽനിന്നും അനാവശ്യ പ്രവൃത്തികളിൽനിന്നും ഭയഭക്തിയുടെ നില പ്രാപിച്ചിട്ടുള്ള തന്റെ ഹൃദയത്തെ പരിശുദ്ധമാക്കിത്തീർക്കുക എന്നതാണ്. എന്തുകൊണ്ടെന്നാൽ, സത്യവിശ്വസി ഈ ചെറിയ ശക്തി സമ്പാദിക്കാത്തിടത്തോളം, ഉപേക്ഷിക്കാൻ പ്രയാസമില്ലാത്തതും പാപത്തിന്റെ ആനന്ദവും മാത്രമായ അനാവശ്യകാര്യങ്ങളും, അനാവശ്യമായ പ്രവൃത്തികളും ഉപേക്ഷിക്കാത്തിടത്തോളം അത്തരം പ്രവർത്തനങ്ങളിൽ നിന്ന് പിന്മാറുക എന്നുള്ളത് മനുഷ്യന് വളരെ ഭാരവുമാണ്. എന്തെങ്കിലും കാര്യസിദ്ധി ഉണ്ടാക്കികൊടുക്കുന്നതുമായ ഇത്തരം കാര്യങ്ങളിൽ നിന്ന് പിന്മാറുക എന്നുള്ളത് വെറും വിചാരം മാത്രമായിരിക്കും. ഇതിൽ നിന്ന് സ്ഥാപിതമാകുന്നത് ആദ്യപടി അഹങ്കാരം ഉപേക്ഷിക്കുക എന്നതാണ്. വിനയം കാണിക്കുക എന്നതാണ്. രണ്ടാമത്തെ പടി അനാവശ്യകാര്യങ്ങൾ ഉപേക്ഷിക്കുക എന്നതാണ്. ഈ പടിയിൽ അഫ്‌ലഹ എന്നതിൽ നല്കപ്പെട്ടിരിക്കുന്ന വാഗ്ദാനമായ ഉദ്ദേശ്യസാഫല്യം, അനാവശ്യ പ്രവൃത്തികളും അനാവശ്യ വ്യാപാരങ്ങളുമായുള്ള സത്യവിശ്വാസിയുടെ ബന്ധം പൊട്ടിപോകുമ്പോഴാണ് പൂർത്തിയാകുന്നത്. അപ്പോൾ അവന് അല്ലാഹുവുമായി ഒരുനേർത്തബന്ധമുണ്ടാകുന്നു. ഈമാനിക ശക്തിയും മുമ്പത്തേക്കാൾ വർധിക്കുന്നു. നേർത്തബന്ധം എന്നുഞാൻ പറയാൻ കാരണം അനാവശ്യകാര്യങ്ങളുമായുള്ള ബന്ധവും നേർത്തതായിരിക്കും. ആദ്യം പറഞ്ഞതുപോലെ മറ്റുപാപങ്ങളെ അപേക്ഷിച്ച് ചില അനാവശ്യകാര്യങ്ങൾ ഉപേ ക്ഷിക്കുക എന്നത് വളരെ എളുപ്പമായിരിക്കും. അങ്ങനെ നേർത്തബന്ധം ഉപേക്ഷിക്കുന്നതുകൊണ്ട് നേർത്തബന്ധമേ ലഭിക്കുകയുള്ളു. പറഞ്ഞു: അഫ്‌ലഹ എന്ന വാഗ്ദാനം അല്ലാഹു തആല ആ അനാവശ്യകാര്യങ്ങൾ ഉപേക്ഷിക്കുന്നതുകൊണ്ട് പൂർത്തിയാക്കുന്നതാണ്. എന്നാൽ മുമ്പേപറഞ്ഞതുപോലെ ഇത് അല്ലാഹുവിലേക്ക് കൊണ്ട് പോകുന്ന വിജയത്തിന്റെ ഒരു ഭാഗമാണ്, ഒരുപടിയാണ്. അതായത് അനാവശ്യകാര്യങ്ങൾ മനുഷ്യൻ ഉപേക്ഷിക്കുമ്പോൾ അല്ലാഹുവും തന്റെ ദാസനുമായി ബന്ധം സ്ഥാപിക്കുന്നു. അതിൽ കുറച്ചു വർധനവുണ്ടാകുന്നു, വിശ്വാസത്തിലും വർധനവുണ്ടാകുന്നു."

മറ്റൊരു സ്ഥലത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: അത്തരം സത്യവിശ്വാസിക്ക് അല്ലാഹുവിലേക്ക് കുറച്ചു മടക്കം ഉണ്ടാകുന്നു. എന്നാൽ, ആ മടക്കത്തോടൊപ്പം അനാവശ്യകാര്യങ്ങളുടേയും അനാവശ്യ പ്രവൃത്തികളുടേയും അനാവശ്യ വ്യാപാരങ്ങളുടേയും മാലിന്യം ഉണ്ടായിക്കൊണ്ടേയിരിക്കും. അതിനോട് അവൻ സ്നേഹം പുലത്തുകയും ചെയ്യുന്നു. എന്നാൽ ചിലപ്പോൾ നമസ്കാരത്തിൽ വിനയവും ഭക്തിയും അവനിൽ നിന്ന് പ്രകടമാകുകയും ചെയ്യും. എന്നാൽ മറുഭാഗത്ത് അനാവശ്യ പ്രവർത്തനവും ഉണ്ടാകും. അനാവശ്യബന്ധങ്ങളും, സദസുകളും, പരിഹാസങ്ങളും അധിക്ഷേപങ്ങളും അവന്റെ കഴുത്തിലെ വളയമായിട്ടിരിക്കുന്നു. അതായത് അവൻ രണ്ടുനിറം ഉൾക്കൊള്ളുന്നു. ചിലപ്പോൾ ചിലത് ചിലപ്പോൾ മറ്റുചിലത്.

നോക്കുക, ഇവിടെ അവിടന്ന് പറഞ്ഞത് ഈ അനാവശ്യകാര്യങ്ങൾ നിങ്ങളുടെ കഴുത്തിലെ വളയമാണെന്നാണ്. ഇവിടെ ജൽസയിൽ വരുന്നു, ജുമുഅ ഖുത്ബ കേൾക്കുന്നു. നമസ്കാരങ്ങളിൽ ഇടയ്ക്കിടെ വലിയ താൽപര്യവും ഉത്സാഹവും ഉണ്ടാകുകയും ചെയ്യും. എന്നാൽ അനാവശ്യകാര്യങ്ങളുമായിട്ടുള്ള ബന്ധം നിങ്ങളുടെ കഴുത്തിലെ വളയമായിട്ടുതന്നെ ഇരിക്കുന്നു. ഈ മജ്‌ലിസുകളുടേയും ഇജ്തിമാകളുടേയും നമസ്കാരങ്ങളുടേയും സ്വാധീനത്തിന്റെ ഫലമായി നിങ്ങളുടെ ഹൃദയത്തിലു

ണ്ടാകുന്ന മാറ്റം കാരണത്താൽ നിങ്ങൾ സന്മാർഗ്ഗം കരസ്ഥമാക്കാനാഗ്രഹിക്കുന്നു. എന്നാൽ അനാവശ്യമായ ഈ ബന്ധങ്ങൾ, വലിഞ്ഞുകയറിവരുന്നവരുമായിട്ടു ള്ള ഈ കൂട്ടുകെട്ട് വീ ണ്ടും നിങ്ങളെ പഴയവഴിയിൽ കൊണ്ടിടുന്നു. ജൽസയ്ക്കും ഇജ്തിമാഇനും ജുമുഅയ്ക്കും ശേഷം ഹൃദയത്തിന് വലിയ സ്വാധീനമുണ്ടാകും. ഇനി നന്മചെയ്യണമെന്ന് മനുഷ്യനാഗ്രഹിക്കുകയും ചെയ്യും. പക്ഷെ വൈകുന്നേരം വീട്ടിൽ നിന്നിറങ്ങി എന്തെങ്കിലും ആവശ്യത്തിനായി മാർക്കറ്റിൽ ചെല്ലുമ്പോൾ ഒരു കൂട്ടുകാരനെ കണ്ടു. വളരെ സ്നേഹം പ്രകടിപ്പിച്ചു. വലിയ വലിയ ഗുണഗണങ്ങൾ പറഞ്ഞ് ഏതെങ്കിലും ലോട്ടറി അവൻ പരിചയപ്പെടുത്തുന്നു. ഇതിൽ പൈസ നഷ്ടപ്പെടുകയില്ലെന്നൊക്കെ പറഞ്ഞ് നിങ്ങളെ മോഹിപ്പിക്കുന്നു. വാസ്തവത്തിൽ പൈസ നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. അങ്ങനെ അവൻ നിങ്ങളുടെ പൈസയോടൊപ്പം അവന്റെ പൈസയും നഷ്ടപ്പെടുത്തുന്നു. പണം നേടുന്നതിനുവേണ്ടി വിവധസ്ഥലങ്ങളിൽ ഇപ്പോൾ ചില ഉപകരണങ്ങൾ ഘടിപ്പിച്ചിട്ടുണ്ട്. ചില ഗെയിമുകൾ അതിലുണ്ട്. പ്രത്യേകിച്ച് യുവാക്കളും കുട്ടികളും അതിൽ താൽപര്യം കാണിക്കുന്നു. മാത്രമല്ല വലിയവരും അതിൽ അതിയായ താൽപര്യം കാണിക്കാറുണ്ട്. അങ്ങനെ സംസാരിച്ച് സംസാരിച്ച് അവനെ കളിയിൽ ഉൾപ്പെടുത്തുന്നു. ഇങ്ങനെ അവൻ സുഹൃത്തിന്റെ വലയിൽ കുടുങ്ങിപ്പോകുന്നു. അല്ലെങ്കിൽ പുകവലി ശീലമുള്ള സുഹൃത്തുക്കൾ, അവരുമായുള്ള ബന്ധം കാരണത്താൽ പുകവലി ശീലമുണ്ടാകുന്നു. അത് വളർന്ന് വളർന്ന് മറ്റുലഹരിപദാർത്ഥങ്ങളും ഉപയോഗിക്കാൻ തുടങ്ങുന്നു. ഇങ്ങനെ ജീവിതം തകർക്കാൻ ശ്രമിക്കുന്ന അത്തരമാളുകൾ നിരർത്ഥകമായി ജീവിക്കുന്നവരുടെ പട്ടികയിൽ പെടുന്നവരാണ്. അവരുമായിട്ടുള്ള ബന്ധം അവസാനിപ്പിക്കേണ്ടതാണ്. ഈ ജൽസയുടെ ദിനങ്ങളിലും ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്ന ശീലമുള്ള ചില ചെറുപ്പക്കാർ ഇവിടെ വരാറുണ്ട്. ചിലപ്പോൾ ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നവരുടെ ഏജന്റുമാരായിരിക്കും അവർ. അവർ ഇവിടെ വന്ന് സംസാരത്തിലൂടെ നമ്മുടെ ചെറുപ്പക്കാരെ സ്വാധീനിക്കാൻ ശ്രമിക്കുന്നു. ഈ അനാവശ്യകാര്യങ്ങൾ ഒരു പരിധി കഴിഞ്ഞാൽ പാപങ്ങളിൽ എണ്ണപ്പെടും. ഇങ്ങനെ നിങ്ങളെ അവർ പാപത്തിൽ അകപ്പെടുത്താൻ ശ്രമിക്കുകയാണ് ചെയ്യുന്നത്.

അനാവശ്യമായ മജ്ലിസുകളുണ്ട്. അവിടെയിരുന്ന് മറ്റുള്ളവരെക്കുറിച്ച് സംസാരിക്കുന്നു. പരിഹസിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നു. ഇത്തരം മജ്ലിസുകളും നിരർത്ഥകമായ മജ്ലിസുകളാണ്. ഇതിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കണം. പ്രത്യേകിച്ച് ഈ ജൽസദിനങ്ങളിൽ. ഇത് നിങ്ങളുടെ പരിഷ്കരണത്തിന്റെ നാളുകളാണ്. ഒരു ട്രെനിംഗിനുവേണ്ടിയാണ് നിങ്ങൾ ഇവിടെ സംഘടിച്ചിരിക്കുന്നത്. ഈ ദിനങ്ങളിൽ പ്രസ്തുത തിന്മകളിൽ നിന്ന് രക്ഷനേടാൻ ശ്രമിച്ചാൽ, ജൽസയിൽ നിന്ന് ഫലമെടുക്കുക എന്നത് മാത്രം നിങ്ങൾ നിർബന്ധമാക്കിയാൽ, നമ്മളിൽ പരിശുദ്ധമായ മാറ്റമുണ്ടാകുന്നതിനും വിജയത്തിന്റെ അടുത്തപടിയിൽ ചുവടുവെക്കുന്നതിന് അർഹരായിത്തീരുന്നതിനും വേണ്ടി ഒരു തരത്തിലുള്ള അനാവശ്യകാര്യങ്ങളിലും അകപ്പെടാതിരുന്നാൽ, തിന്മയിലേക്ക് ക്ഷണിക്കുന്നവരോട് ഖുർആന്റെ കല്പനയായ '*വഇദാ മർറു ബില്ലഗ്‌വി മർറു കിറാമ.*' (വ്യർത്ഥമായ കാര്യങ്ങളുടെ അരികിലൂടെ അവർ നടന്നുപോകുന്നതായാൽ അവർ മാന്യന്മാരായി കടന്നുപോകുന്നതാണ്.) എന്നതനുസരിച്ച് പ്രതികരിച്ചാൽ അതു വിജയിക്കുന്നതാണ്.

വ്യർത്ഥമായ കാര്യങ്ങളുടെ അരികിലൂടെ ദൃഷ്ടി താഴേക്കാക്കി മാന്യന്മാരായി കടന്നുപോകുക എന്ന കല്പനയ്ക്കുമുമ്പ് ഈ വചനത്തിൽ *വല്ലദീന ലാ യശ് ഹദൂന സ്സൂറാ* (കള്ളസാക്ഷി പറയരുതെന്ന) കല്പനയുമുണ്ട്. ജനങ്ങളെ പരിഹസിക്കുന്നതിനും ജനങ്ങൾക്കെതിരിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമുള്ള അത്തരം ബന്ധങ്ങളിലുള്ളവർ അസത്യവാന്മാരും ആയിരിക്കും. കാരണം എവിടെയെങ്കിലും കള്ളസാക്ഷ്യം പറയേണ്ടിവന്നാൽ അവർ മടിക്കുകയില്ല. അതുകൊണ്ട് ഇവർ നിങ്ങളേയും കളവിലകപ്പെടുത്താൻ ശ്രമിക്കും എന്നകാര്യം ഓർക്കുക. നിങ്ങളെ കൊണ്ടും അത്തരം പ്രവൃത്തികൾ ചെയ്യിക്കും. അങ്ങനെ കളവുപറയാൻ നിർബന്ധിതരാകും. അതുകൊണ്ട് അത്തരമാളുകൾ നിങ്ങളുടെ അടുത്തുവന്നാൽ ശയ്ത്വാൻ നിങ്ങൾക്കെതിരിൽ പ്രവർത്തനം തുടങ്ങിയിരിക്കുന്നു എന്നകാര്യം ഓർത്തുകാള്ളുക. ഇനി നിങ്ങൾ കള്ളം പറയാനും കുറ്റകൃത്യങ്ങളിൽ ഉൾപ്പെടാനും പോകുകയാണ്. അതുകൊണ്ട് നിങ്ങൾ സത്യവാന്മാരും സത്യവാന്മാരാകാനാഗ്രഹിക്കുന്നവരും നിങ്ങളുടെ അഭിമാനം കാത്തുസൂക്ഷിക്കാനാഗ്രഹിക്കുന്നവരുമാണെങ്കിൽ എന്നെന്നും സത്യത്തിൽ നിലകൊള്ളാൻവേണ്ടി ഇക്കൂട്ടരിൽ നിന്ന് രക്ഷപ്പെട്ടുകൊള്ളുക. എന്തുകൊണ്ടെന്നാൽ ഇവരെല്ലാം വ്യർത്ഥമായ ബന്ധങ്ങളുമായി കഴിയുന്നവരാണ്. അതു കൊണ്ട് വളരെ മാന്യമായി ഇവരിൽ നിന്ന് രക്ഷപ്പെട്ട് പിൻവാങ്ങുക. ഇവരുടെ മോഹന വാക്കുകൾ നിങ്ങളെ ഇതിലകപ്പെടുത്താതിരിക്കാൻ വളരെ സൂക്ഷ്മത ആവശ്യമുണ്ട്. ഈ പരിഹാസവും അവഹേളനവും മറ്റുള്ളവരുടെ വികാരത്തെ മുറിപ്പെടുത്തുന്ന കാര്യങ്ങളും വായിൽ നിന്ന് പുറത്തുവന്നാൽ അതു കൂടുതൽ തിന്മയിൽ കുടുക്കികൊണ്ടിരിക്കും. അതുകൊണ്ട് എല്ലാ തിന്മകളിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടി എല്ലാ തിന്മയുടേയും വേരായ കളവിൽ നിന്നും

വിട്ടുനിൽക്കാൻ അല്ലാഹു ആദ്യമെ തന്നെ നമുക്ക് താക്കീതു തന്നിരിക്കുന്നു.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: 'കപടവിശ്വാസികളെ തിരിച്ചറിയാൻ മൂന്ന് അടയാളങ്ങളുണ്ട്. സംസാരിക്കുമ്പോൾ കളവുപറയും. വാഗ്ദാനം ചെയ്താൽ ലംഘിക്കും. സൂക്ഷിക്കാൻ മുതൽ ഏൽപ്പിച്ചാൽ അതിൽ വഞ്ചനകാണിക്കും.'

ഇവിടെ കാര്യം കൂടുതൽ വ്യക്തമാക്കിയിരിക്കുന്നു. ഇടയ്ക്കിടെ പറഞ്ഞാൽ കുഴപ്പമൊന്നുമില്ലാത്ത ചെറിയകാര്യമല്ല കളവ്. ഇത് മുനാഫിഖത്തിലേക്ക്, കപടതയിലേക്ക് കൊണ്ടുപോകുന്ന ഒന്നാണ്. ഓരോരുത്തരും ആത്മ പരിശോധന നടത്തിനോക്കുക, ആശങ്കാജനകമായ അവസ്ഥഉണ്ടാകുന്നതാണ്. ചെറിയ ചെറിയ കാര്യങ്ങളിൽ തന്നത്താൻ രക്ഷിക്കുന്നതിനോ തമാശയ്ക്കോ എന്തെങ്കിലും വസ്തു കരസ്ഥമാക്കുന്നതിനോവേണ്ടി കളവ് പറയുന്നു, കളവ് പറഞ്ഞ് പ്രവർത്തിക്കുന്നു.

പിന്നീട് പറഞ്ഞത് വാഗ്ദാനലംഘനത്തെക്കുറിച്ചാണ്. ഇതും കളവിന്റെ ഒരിനമാണ്. കടം വാങ്ങുകയും കൊടുക്കാതെ ഇട്ടുരുട്ടുകയും ചെയ്യുന്നു. വാഗ്ദാന ലംഘനം നടത്തിക്കൊണ്ടിരിക്കുന്നു. കൊടുക്കാൻ കഴിവുണ്ടെങ്കിലും തിരിച്ചുകൊടുക്കാൻ ഉദ്ദേശ്യമില്ലാത്തതിനാൽ ഓരോന്ന് പറഞ്ഞൊഴിയും. ഇതിനു പുറമേ നിത്യ ജീവിതത്തിലെ മറ്റുകാര്യങ്ങളിലും വാഗ്ദാനം ലംഘിക്കുന്നു. ഭാര്യാ ഭർത്താക്കന്മാരുടെ ഇടയിൽ ഇക്കാരണത്താൽ കലഹമുണ്ടാകുന്നു. ഭർത്താവ് ഇന്ന വാഗ്ദാനം ചെയ്തിട്ട് പാലിച്ചില്ലെന്ന് ഭാര്യ പരാതിപ്പെടുന്നു. ഉദാഹരണത്തിന് ജോലികഴിഞ്ഞുവന്നാൽ ഇന്നസ്ഥലത്തു പോകാമെന്ന് വാഗ്ദാനം ചെയ്തു. എന്നാൽ പോയില്ല. തിരിച്ചുവന്നിട്ട് സുഹൃത്തുക്കളുമായിരുന്ന് സൊറപറയാൻ പോകുകയാണ് ചെയ്തത്. അല്ലെങ്കിൽ എന്റെ മാതാപിതാക്കളോട് നല്ലനിലയിൽ പെരുമാറുമെന്ന് വാഗ്ദാനം ചെയ്തതാണ്. അതും നിറവേറ്റിയില്ല. ഇങ്ങനെയുള്ള ചെറിയ ചെറിയ കാര്യങ്ങളാണ് വൻ കുഴപ്പങ്ങൾക്കുവഴിവെക്കുന്നത്. ഭാര്യാ ഭർത്താക്കന്മാർ പരസ്പരം അവരുടെ മാതാപിതാക്കളോട് നല്ലരീതിയിൽ പെരുമാറുക എന്നത് രക്തബന്ധത്തിന്റെ വകുപ്പിൽപ്പെട്ടതാണ്. അവരോട്, അല്ലാതെ തന്നെ നല്ലനിലയിൽ പെരുമാറണമെന്ന് കല്പനയുള്ളതാണ്. വാഗ്ദാനം ചെയ്തില്ലെങ്കിലും അതു നിറവേറ്റേണ്ടതാണ്.

പിന്നീട് പറഞ്ഞത്, വിശ്വസിച്ച് ഏൽപ്പിക്കുന്ന മുതലിൽ വഞ്ചനകാണിക്കുന്നവരെക്കുറിച്ചാണ്. കുറച്ചുകാലം വിശ്വസ്തത കാണിച്ചുകൊണ്ടിരിക്കും. അതിനുശേഷം വഞ്ചിക്കാൻ തുടങ്ങും. ഈ എല്ലാ കാര്യങ്ങളും കളവിന്റെ ഇനത്തിൽ പെട്ടതാണ്. കാരണം ശയ്ത്വാനിലേക്ക് കൊണ്ടുപോകുന്ന ഓരോ കാര്യവും അനാവശ്യമാണ്.

ഹസ്റത്ത് അബ്ദുല്ലാ (റ) നിവേദനം ചെയ്യുന്നു നബി (സ) തിരുമേനി പറഞ്ഞു: "സത്യസന്ധത, അനുസരണത്തിലേക്ക് നയിക്കുന്നു. അനുസരണം സ്വർഗത്തിലേക്ക് കൊണ്ടുപോകുന്നു. ഒരാൾ തുടർച്ചയായി സത്യം മാത്രം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അല്ലാഹുവിന്റെ പക്കൽ അയാൾ സിദ്ദീഖായിത്തീരുന്നു. കളവ് ധിക്കാരത്തിലേക്ക് കൊണ്ടുപോകുന്നു. ധിക്കാരം നരകത്തിലേക്ക് കൊണ്ടുപോകുന്നു. ഒരാൾ നിരന്തരം കളവുപറഞ്ഞുകൊണ്ടിരുന്നാൽ അല്ലാഹുവിന്റെ പക്കൽ അയാൾ പെരുങ്കള്ളന്മാരിൽ ഉൾപ്പെടുന്നു."

നോക്കുക, കളവിന്റെ ശീലമുണ്ടായി കഴിഞ്ഞാൽ അത്തരമാളുകൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ പെരുങ്കള്ളന്മാരിലാണ് പെടുന്നത്. കളവ് പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നവൻ ഒരിക്കലും സന്മാർഗ്ഗം പ്രാപിക്കുകയില്ല. അവർ അതിൽനിന്ന് അകന്നുകൊണ്ടേയിരിക്കും. അവന്റെ വാസസ്ഥാനം നരകവുമായിരിക്കും.

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: "എന്റെ ഉമ്മത്തിൽ നിന്നുള്ള യഥാർത്ഥ നിർധനൻ ഖിയാമത്തുനാൾ നമസ്കാരം, നോമ്പ്, സക്കാത്ത് എന്നിവയുമായി വരുന്നവനാണ്. അവൻ ആരെയെങ്കിലും ചീത്തപറഞ്ഞിട്ടുണ്ടാകും. അപവാദം പറഞ്ഞിട്ടുണ്ടാകും അന്യന്റെ മുതൽ തിന്നിട്ടുണ്ടാകും. ആരെയെങ്കിലും വധിച്ചിട്ടുണ്ടാകും. ആരെയെങ്കിലും മർദിച്ചിട്ടുണ്ടാകും. അവന്റെ നന്മകൾ അവർക്ക് കൊടുക്കപ്പെടുന്നതാണ്. അവന്റെ നന്മകൾ ഇതിനു സമമാകുന്നതിനുമുമ്പേ തീർന്നുപോയാൽ, അവരുടെ പാപങ്ങൾ അവന്റെ തലയിലിടപ്പെടുന്നതാണ്. പിന്നീട് അവൻ നരകത്തിലേക്ക് വലിച്ചെറിയപ്പെടും."

നോക്കുക, ഈ അനാവശ്യകാര്യങ്ങൾ ചെയ്ത കാരണത്താൽ അവന്റെ നമസ്കാരം, സക്കാത്ത്, നോമ്പ് തുടങ്ങിയവ അവന് ഒരു ഫലവും ചെയ്യുന്നില്ല. അതുകൊണ്ട് അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാൻ ഞാൻ നടേപറഞ്ഞതുപോലെ, ഓരോ പടിയിലും ചുവടുവെക്കേണ്ടത് നിർബന്ധമാണ്. അല്ലെങ്കിൽ അവസാനം അവരുടെ വാസസ്ഥാനം നരകമായിരിക്കും. അതുകൊണ്ട് ആരുടെയെങ്കിലും മേൽ അകാരണമായി ആക്ഷേപം ഉന്നയിക്കുക, അല്ലെങ്കിൽ ആരുടെയെങ്കിലും ധനം അപഹരിച്ചുതിന്നുക, ചെറിയ പാപങ്ങൾ നിസ്സാരമായി കരുതി ചെയ്യുക, തുടങ്ങിയവയുടെ ശിക്ഷയും കൊലചെയ്യുന്നതിനു തുല്യമാണെന്നു പറഞ്ഞിരിക്കുന്നു. ചിലയാളുകൾ തെറ്റുധാരണയാൽ ആക്ഷേപം ഉന്നയിക്കുന്നു. തനിക്കെതിരിൽ പരാതിപ്പെട്ടിട്ടുണ്ടാകുമെന്ന് ഒരു അന്വേഷണവും കൂടാതെ കരുതും. അല്ലെങ്കിൽ ഇന്നയാൾ എനിക്കെതിരെ ഇന്നയാളെ ഇളക്കിവിട്ടിട്ടുണ്ടെന്ന് ഊഹിക്കും. ചിന്തിക്കാതെയും ആലോചിക്കാതെയും ഇങ്ങനെ ആരോപണം

ഉന്നയിക്കുന്നതും ശരിയല്ല. മറ്റെയാൾ വാസ്തവത്തിൽ നിങ്ങൾക്കെതിരിൽ അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അവന്റെ പാപം അവന്റെ തലയിലാണ്. നിങ്ങളെന്തിനാണ് അപവാദം പറഞ്ഞു നടന്ന് ആ അനാവശ്യകാര്യങ്ങളിൽപ്പെട്ട് കുറ്റക്കാരനായിത്തീരുന്നത്.

ചിലരുടെ ധനവും ചിലർ അപഹരിച്ചു തിന്നാറുണ്ട്. ഓർമ്മിക്കുക, ഈ ലോകത്ത് നിങ്ങൾ നിങ്ങളുടെ സാമർത്ഥ്യം കാണിച്ച് പണം അപഹരിച്ചെടുത്തു. എന്നാൽ ഏതൊരുവന്റെ പണമാണോ തിന്നത് അവന്റെ പാപവും ഈ ഹദീസനുസരിച്ച് ധനം തിന്നുന്നവന്റെ തലയിൽ പതിക്കുന്നതാണ്. അതുകൊണ്ട് ഈലോകത്ത്, ഊതിയൂതി വൃത്തിയാക്കി നിങ്ങൾ ചുവടുവെക്കേണ്ട ആവശ്യമാണുള്ളത്. എന്നല്ല അതി നിസ്സാരമായ തിന്മപോലും ചിലപ്പോൾ ഭയാനകമായ, അന്ത്യത്തിൽ കൊണ്ടുചെന്നെത്തിക്കും. അതുകൊണ്ട് എപ്പോഴും അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിട്ടുകൊണ്ടും അവന്റെ അനുഗ്രഹം തേടിക്കൊണ്ടുമിരിക്കേണ്ടതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: 'ഒരാളുടെ ഇസ്‌ലാമിന്റെ ഗുണം, അവനുമായി ബന്ധമില്ലാത്ത കാര്യത്തെ ഉപേക്ഷിക്കുക എന്നതാണ്.'

ചിലയാളുകൾ ഒരുകാര്യവുമില്ലാതെ മറ്റുള്ളവർക്ക് അഭിപ്രായം കൊടുക്കാൻ തുടങ്ങും, അഭിപ്രായം ചോദിച്ചില്ലെങ്കിൽ തന്നെ, അഭിപ്രായം കൊടുക്കുക എന്നത് അവരുടെ ശീലമാണ്. അല്ലെങ്കിൽ ആരുടെയെങ്കിലും ഹൃദയത്തെ മുറിപ്പെടുത്തുന്നതും നിരാശയുണ്ടാക്കുന്നതുമായ കാര്യം പറയാൻ തുടങ്ങും. ഒരാൾ കാറുവാങ്ങി. ഉടനെ പറഞ്ഞു ഈ കാർ നല്ലതല്ല. മറ്റേതാണ് അതിനേക്കാൾ നല്ലത്. പാവം പൈസമുടക്കി വാങ്ങിയവനെതിരിൽ ആക്ഷേപം ഉന്നയിക്കുന്നു. ഇല്ലെങ്കിൽ മറ്റെന്തെങ്കിലും വാങ്ങിയാൽ അതിന് കുറ്റം പറയുന്നു. ഇക്കാരണത്താൽ ആക്ഷേപിക്കപ്പെടുന്ന വ്യക്തി നിരാശകൊണ്ട് എന്തെങ്കിലും കയർത്തുപറയാനും തുടങ്ങുന്നു. അങ്ങനെ പരസ്പരമുള്ള ബന്ധങ്ങളേയും അത് ബാധിക്കുന്നു. അനാവശ്യമായിട്ടുള്ള കാര്യങ്ങളും ലഗ്‌വിയത്ത് അഥവാ വ്യർത്ഥമായ കാര്യങ്ങളിൽ പെട്ടതാണ്.

ചിലപ്പോൾ രണ്ടുപേർ സംസാരിച്ചു നിൽക്കുകയായിരിക്കും. മൂന്നാമൻ അനാവശ്യമായി അവരുടെയിടയിൽ കടക്കുന്നു. ഇതും തെറ്റാണ്. വ്യർത്ഥമായ കാര്യങ്ങളിൽ പെട്ടതാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: "വ്യർത്ഥമായ പ്രവൃത്തികൾ, സംസാരങ്ങൾ, ചലനങ്ങൾ, സദസ്സുകൾ, സഹവാസങ്ങൾ, ബന്ധങ്ങൾ, ആവേശങ്ങൾ എന്നിവയിൽ നിന്നെല്ലാം മുക്തിനേടിയ ആളാണ് സത്യവിശ്വാസി." ഹസ്റത്ത് മസീഹ് മൗഊദ് (അ) അടയാളം ചെയ്ത് കാണിച്ച് ഈ എല്ലാ വ്യർത്ഥമായ കാര്യങ്ങളും എന്താണ്? ഹദീസിൽ വന്നിരിക്കുന്നതുപോലെ ഒരാളുടെ മേൽ ആരോപണം ഉന്നയിക്കുക, തെളിവില്ലാതെ ആരെയെങ്കിലും അപമാനിക്കുക, അവരുടെ ഓഫീസർമാർക്ക് തെറ്റായ റിപ്പോർട്ടുകൾ കൊടുക്കുക, വ്യക്തിപരമായ ശത്രുത കാരണത്താൽ ആരെയെങ്കിലും കോടതി കയറ്റുക, വീ ട്ടുവഴക്കുണ്ടാകുമ്പോൾ ഭാര്യാ ഭർത്താക്കന്മാർ പരസ്പരം വൃത്തികെട്ട ദോഷാരോപണം ചെയ്യുക, വൃത്തികെട്ട സിനിമ വീട്ടിൽ കൊണ്ടുവന്ന് കാണുക (ചിലയാളുകൾ വീട്ടിൽ കൊണ്ടുവരാറുണ്ട്), ഇതെല്ലാം വ്യർത്ഥമായ കാര്യങ്ങളാണ്. പിന്നീട് ഇന്റർനെറ്റിനെ ദുരുപയോഗം ചെയ്യലാണ്. ഒരു വിധത്തിൽ പറഞ്ഞാൽ ഇതും ഇക്കാലത്ത് വ്യർത്ഥമായ കാര്യമാണ്. ഇതും പലവീടുകളേയും തകർത്തി ട്ടുണ്ട്. ബന്ധം വെക്കാനുള്ള ചെലവുകുറഞ്ഞ ഒരുമാർഗ്ഗമാണിത്. ഈ ബന്ധം കാരണത്താൽ കറങ്ങിയും കറക്കിയും ഇരിക്കുന്നു. എവിടെ നിന്ന് എവിടെ വരെ എത്തുന്നു എന്നറിയുകയില്ല ചിലർ. തുടക്കത്തിൽ ഇതെല്ലാം വിനോദമെന്ന നിലയിലായിരിക്കും. പിന്നീട് ഈ വിനോദം കഴുത്തിലെ വളയമായിത്തീരുന്നു. ഊരാൻ വളരെ പ്രയാസമായിരിക്കുകയും ചെയ്യും. കാരണം ഇതും ഒരുതരത്തിലുള്ള ലഹരിയാണ്. ലഹരിയും വ്യർത്ഥമായ കാര്യങ്ങളിൽ പെട്ടതാണ്. ഇതിൽ അകപ്പെടുന്നവർ ചിലപ്പോൾ വ്യർത്ഥമായ കാര്യങ്ങൾ അന്വേഷിച്ച് മണിക്കൂറുകൾ പാഴാക്കിക്കളയും. ചില വെബ്സൈറ്റുകളുണ്ട്. അവർ ജമാഅത്തിനെതിരിൽ, ജമാഅത്തിലെ ചിലവ്യക്തികൾക്കെതിരിൽ മോശമായ പ്രചാരണം, അല്ലെങ്കിൽ ദോഷാരോപണം ആരംഭിച്ചിരിക്കുകയാണ്. ഈ പരിപാടി കൊടുക്കുന്നവർ കരുതുന്നത് തങ്ങളുടെ വൃത്തികെട്ട ആരോപണങ്ങൾ കൊണ്ട് ജമാഅത്തിന് എന്തോ നഷ്ടമുണ്ടാക്കുന്നുവെന്നാണ്. വാസ്തവത്തിൽ അവരുടെ വൃത്തികെട്ട ആരോപണം ആരും നോക്കുന്നുണ്ടാവില്ല. ജമാഅത്തിലെ ഒരു ശതമാനം ആളുപോലും ഇതുകാണുന്നുണ്ടാകുകയുമില്ല. ഒരു പക്ഷെ അവർക്ക് അറിയുകയുമില്ല. എന്തായാലും ഇതെല്ലാം വ്യർത്ഥമായകാര്യങ്ങളാണ്. അതുകൊണ്ട് ഈ വ്യർ ത്ഥമായ കാര്യങ്ങൾക്ക് മറുപടി കൊടുക്കാൻ ശ്രമിക്കുന്നവർ - യുവാക്കളിൽ ഇതിന്നെതിരിൽ ആവേശമുണ്ടാകാറുണ്ട് - ഇതിൽ നിന്ന് രക്ഷപെടേണ്ടതാണ്. ജമാഅത്തിന് ഒരു വെബ്സൈറ്റുണ്ട്. ഏതെങ്കിലും ആക്ഷേപം ആരുടേയെങ്കിലും ദൃഷ്ടിയിൽ മറുപടി അർഹിക്കുന്നെങ്കിൽ, ആ ആക്ഷേപം അവർ അയച്ചുതരേണ്ടതാണ്. കാരണം ഇന്റർനെറ്റിനുമുമ്പിലിരിക്കുന്ന ഇവിടെയുള്ളവർക്കും ഇതറിയാവുന്നതാണ്. ആർക്കെങ്കിലും തക്കതായ മറുപടി ലഭിച്ചിട്ടുണ്ടെങ്കിൽ അവർ അതു അയച്ചുതരിക. ആരുടെ ആക്ഷേപത്തിനും നേരിട്ട് മറുപടി അയക്കരുത്. ചിലപ്പോൾ നിങ്ങൾ കൊടുത്ത

മറുപടി ശരിയായിരിക്കുകയില്ല. നിങ്ങൾ അയക്കുകയാണെങ്കിൽ ബന്ധപ്പെട്ടവർ അത് പരിശോധിക്കുന്നതാണ്. ഒന്നാമതായി അവർ നോക്കുന്നത് ഈ ആക്ഷേപത്തിനു മറുപടി പറയണോ എന്നാണ്. സമയം നഷ്ടപ്പെടുത്തലാണോ വ്യർത്ഥമായ കാര്യങ്ങളാണോ എന്നൊക്കെ പരിശോധിക്കുന്നതാണ്. കാരണം ആക്ഷേപം ഉന്നയിക്കുന്നവർക്ക് മാറ്റമുണ്ടാകുകയില്ല. തന്നെ തിരുത്തി നന്നാക്കണമെന്നതാണ് അയാളുടെ ഉദ്ദേശ്യമെങ്കിൽ, എന്തെങ്കിലും പ്രയോജനമെടുക്കുക എന്നതാണ് അയാളുടെ ഉദ്ദേശ്യമെങ്കിൽ, അയാൾ ഇത്ര വൃത്തികെട്ട ഭാഷ ഉപയോഗിക്കുകയില്ല. മാന്യമായ ഭാഷ ഉപയോഗിക്കുമായിരുന്നു. ഈ ആക്ഷേപങ്ങൾക്കുള്ള മറുപടി മറ്റുള്ളവർക്കും പ്രയോജനപ്പെടുകയില്ല. ഞാൻ പറഞ്ഞതു പോലെ ആർക്കെങ്കിലും മറുപടിയുണ്ടെങ്കിൽ ജമാഅത്ത് വ്യവസ്ഥിതിയനുസരിച്ച് ഇങ്ങോട്ട് മറുപടി അയക്കുക. നിങ്ങൾ അയച്ച മറുപടി ശരിയാ ണോ എന്ന് ജമാഅത്ത് പരിശോധിക്കും. അതല്ല അതിനേക്കാൾ നല്ല മറുപടി കൊടുക്കണോ എന്ന് ആലോചിക്കും. എന്തായാലും ജമാഅത്തിലെ ഒരു വ്യക്തിയുടെ സമയവും പാഴായിപ്പോകരുതെന്നാണ് ലക്ഷ്യം. അതുകൊണ്ട് ഈ വ്യർത്ഥമായ കാര്യങ്ങളിൽ നിന്ന് കഴിവതും രക്ഷപ്പെടേണ്ടതാണ്. ഈ കണ്ടുപിടിത്തത്തിന്റെ ഉന്നതമായ ലക്ഷ്യം ഉണ്ടല്ലോ അതിനെ പ്രയോജനപ്പെടുത്തേണ്ടതാണ്. അറിവ് വളർത്താൻ ഇത് ഉപയോഗിക്കുക. അല്ലാതെ ആക്ഷേപങ്ങൾ വരുന്ന വെബ്സൈറ്റ് അന്വേഷിച്ച് സമയം കളയുക എന്നതല്ല. ഇക്കാലത്ത് നിരന്തരം സംസാരിച്ചുകൊണ്ടിരിക്കുന്നു. ഇതിന് ചാറ്റിംഗ് എന്നാണ് പറയുന്നത്. ചിലപ്പോൾ ഈ ചാറ്റിംഗ് ഒരു സഭയായിത്തീരുന്നു അപ്പോൾ വ്യർത്ഥമായ ആരോപണങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും പറയാൻ തുടങ്ങുന്നു. പരിഹസിക്കുന്നു. വിശാലമായ നിലയിൽ ഇത് ഇന്ന് മജ്ലിസിന്റെ അഥവാ സഭയുടെ രൂപത്തിലായിട്ടുണ്ട്. അതുകൊണ്ട് ഇതിൽ നിന്നും രക്ഷപ്പെടണം.

തെറ്റായ കൂട്ടുകെട്ടിനെ കുറിച്ചും പറഞ്ഞിരിക്കുന്നു. ഇതും വ്യർത്ഥമായ കാര്യങ്ങളിൽപ്പെട്ടതാണ്. ഇതിൽ നിന്നും രക്ഷപ്പെടണം. നേരിട്ട് ഈ മജ്ലിസുകളിലും സഭകളിലും നടക്കുന്ന ചർച്ചകളിൽ പങ്കെടുക്കുന്നില്ലെങ്കിൽത്തന്നെ അതിലിരിക്കുന്നതുകൊണ്ട് അതിന്റെ സ്വാധീനം നിങ്ങളിലുണ്ടാകും. ചില ബന്ധങ്ങളും നിങ്ങളെ സ്വാധീനിക്കുന്നതായി ഉണ്ടാകും. നിങ്ങൾക്ക് ചിലരെക്കുറിച്ച് നല്ല അഭിപ്രായമായിരിക്കും, അയാളുടെ എല്ലാകാര്യങ്ങളും വളരെ പ്രാധാന്യത്തോടെ കാണുകയും ചെയ്യും. എന്നാൽ അയാൾ ജമാഅത്ത് വ്യവസ്ഥിതിക്കെതിരെ, അമീറിനെതിരെ, ഏതെങ്കിലും ഭാരവാഹിക്കെതിരെ സംസാരിക്കുമ്പോൾ അയാളെ വിശ്വസിച്ച് നിങ്ങൾ അത് വിശ്വസിക്കാൻ തുടങ്ങും. വാസ്തവത്തിൽ ആ സമയത്ത് ബുദ്ധി ഉപയോഗിക്കേണ്ടതാണ്. അയാൾ പറയുന്നത് സത്യം തന്നെ എന്നു കരുതരുത്. നീതി എന്നുപറയുന്നത് ബന്ധപ്പെട്ടവരെ അത് അറിയിക്കുക എന്നതാണ്. ഇക്കാര്യം ആ പറയുന്ന ആളോടു പറയണം. നിങ്ങൾ പറയുന്നതു ശരിയാണെങ്കിൽ അത് അമീറിനെ അല്ലെങ്കിൽ ഉയർന്ന ഉദ്യോഗസ്ഥനെ അറിയിക്കാൻ അയാളോടു പറയുക. അങ്ങനെ തെറ്റ് തിരുത്തപ്പെടുമല്ലോ. നിങ്ങൾ ഇതു പറയുകയാണെങ്കിൽ നിങ്ങൾക്ക് സ്വയം മനസ്സിലാകും അയാൾ ശരിയല്ലെന്ന്. കാരണം അക്കാര്യങ്ങൾ മുകളിലേക്കറിയിക്കാൻ അയാൾ ഇഷ്ടപ്പെടുകയില്ല. നിങ്ങൾ അറിയിക്കാനും നിങ്ങളെ അയാൾ അനുവദിക്കുകയില്ല. അത്തരമാളുകളുടെ ജോലി സംസാരിക്കുക എന്നതുമാത്രമാണ്, ഫിത്ന പരത്തുകയെന്നതാണ്. അതുകൊണ്ട് അത്തരം ബന്ധങ്ങൾ വ്യർത്ഥമായ ബന്ധങ്ങളാണ്. ഇതിൽ നിന്നും രക്ഷപ്പെടുക.

ചിലപ്പോൾ നമ്മുടെ ആവേശവും വ്യർത്ഥമായ കാര്യമായിത്തീരുമെന്ന് പറഞ്ഞിരിക്കുന്നു. എവിടെ നിന്നെങ്കിലും കേട്ടുകേൾവിയായിവന്ന കാര്യം, തന്നെക്കുറിച്ചോ തന്റെ സഹോദരനെക്കുറിച്ചോ കേട്ട് പെട്ടെന്ന് ചൂടാകുന്നു. ആരെക്കുറിച്ചാണോ പറഞ്ഞത് അവരുമായി വഴക്കിനും വക്കാണത്തിനും പുറപ്പെടുന്നു. ഇതെല്ലാം വ്യർത്ഥമായ കാര്യങ്ങളിൽപ്പെട്ടതാണ്. സത്യവിശ്വാസി എപ്പോഴും അല്ലാഹുവിനെ ഭയന്ന് ഭയന്ന് ജീവിക്കാൻ ശ്രമിക്കേണ്ടതാണ്. എപ്പോഴും 'ആരുടെ നാവിൽ നിന്നും കൈയിൽ നിന്നും മറ്റു മുസ്ലിംകൾ സുരക്ഷിതരായിരിക്കുന്നുവോ അവനാകുന്നു മുസ്ലിം' എന്ന കല്പനയനുസരിച്ച് പ്രവൃത്തിക്കാൻ ശ്രമിക്കണം. നാവ് എന്നുപറയുന്നത് നല്ലവണ്ണം ഉപയോഗിച്ചാൽ അത് നിങ്ങളെ നല്ലതാക്കിത്തീർക്കും. തെറ്റായി ഉപയോഗിച്ചാൽ മിത്രത്തേയും ശത്രുവാക്കിത്തീർക്കും.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: മറ്റൊരുകാര്യവും നമ്മുടെ ജമാഅത്ത് സ്വീകരിക്കേണ്ടത് നിർബന്ധമാണ്. നാവിനെ അനാവശ്യസംസാരത്തിൽ നിന്നും ശുദ്ധമാക്കിവെക്കുക എന്നതാണത്. നാവ് പരിശുദ്ധമാക്കിവെക്കുന്നതുകൊണ്ട് അല്ലാഹു മനുഷ്യന്റെ വാതിൽക്കൽ വരുന്നു. അല്ലാഹു വാതിൽക്കൽ വന്നാൽ പിന്നെ ഉള്ളിൽ കടക്കുന്നതിൽ എന്തിനാണ് അത്ഭുതപ്പെടുന്നത്. അതായത് നമ്മുടെ ശരീരത്തിന്റെ ഉള്ളിൽ കടക്കുന്നതിനുള്ള വാതിലാണ്, മെയ്ൻ ഗെയ്റ്റാണ്, വഴിയാണ് നാവ്. ഇത് അനാവശ്യവും വ്യർത്ഥവുമായ കാര്യങ്ങളിൽ നിന്ന് ശു ദ്ധമാണെങ്കിൽ നിങ്ങളുടെ ഉള്ളിൽ പ്രവേശിക്കുന്നതിനുള്ള വഴി പരിശുദ്ധവും നിർമ്മലവുമാണെന്ന് മനസ്സിലാക്കികൊള്ളുക. അല്ലാഹുതആല മനോഹരവും നിർമ്മലവും വൃത്തിയുള്ളതുമായ വസ്തുക്കളെ ഇഷ്ടപ്പെടുന്നു.

അതുകൊണ്ട് പരിശുദ്ധമായ നിങ്ങളുടെ നാവുകാരണത്താൽ അല്ലാഹു നിങ്ങളുടെ സമീപത്തെത്തുന്നതാണ്. പരിശുദ്ധ നാവ് കാരണത്താൽ അല്ലാഹു നിങ്ങളുടെ ഇത്രമാത്രം അടുത്തു വന്നിട്ടുണ്ടെങ്കിൽ, പിന്നെ നിങ്ങളുടെ മറ്റുകർമ്മങ്ങളും അല്ലാഹുവിന് ഇഷ്ടപ്പെടുന്നതാണെങ്കിൽ നിങ്ങളെ തന്നെ ഇഷ്ടപ്പെട്ടതായിത്തീരും.

ഇക്കാലത്തെ വ്യർത്ഥമായ കാര്യങ്ങളിൽ ഒന്ന് സിഗററ്റ് തുടങ്ങിയവയാണ്. ഇതിനെക്കുറിച്ച് ഞാൻ അല്പം മുമ്പേപറഞ്ഞുവന്നതാണ്. യുവാക്കളിൽ ഈ ശീലമുണ്ടാകുന്നു. പിന്നീട് ജീവിതം മുഴുവൻ ഇതു വിട്ടുമാറുകയില്ല; ദൃഢതീരുമാനമെടുക്കാൻ കഴിവുള്ളവരൊഴികെ. സിഗററ്റുവലി കാരണത്താൽ മറ്റു ലഹരിപദാർത്ഥങ്ങളുടെ ശീലവും വന്നുചേരുന്നു. പുകവലി മൂലമുണ്ടാകുന്ന നഷ്ടങ്ങളെ സംബന്ധിച്ച് അമേരിക്കക്കാരനായ ഒരാൾ ഒരിക്കൽ ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു. ഇത് ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) നെയും കേൾപ്പിച്ചു. അവിടന്ന് പറഞ്ഞു: "നാം അത് (വിജ്ഞാപനം) കേൾക്കുന്നത്, മിക്കചെറുപ്പക്കാരും, വിദ്യാസമ്പന്നരും ഒരു ഫാഷൻ എന്ന നിലയിലയിൽ ഈ നാശത്തിൽ അകപ്പെടുന്നതുകൊണ്ടാണ്. അവർ ഇതുകേട്ട് വിഷലിപ്തമായ ഇത്തരം വസ്തുക്കളിൽ നിന്ന് രക്ഷപ്പെടേണ്ടതാണ്. പുകയില വാസ്തവത്തിൽ ഒരു പുകയാണ്. അത് ശരീരത്തിനുള്ളിലെ അവയവങ്ങൾക്ക് ദോഷമാണ്. ഇസ്ലാം വ്യർത്ഥമായ കാര്യങ്ങളെ വിരോധിക്കുന്നു. പുകവലിയിൽ നഷ്ടം മാത്രമേയുള്ളു. അതുകൊണ്ട് ഇതിൽ നിന്ന് മാറുന്നതുതന്നെയാണ് നല്ലത്."

ഈ വ്യർത്ഥമായ കാര്യത്തിൽ അകപ്പെട്ടിരിക്കുന്നവർ ഇതിൽ നിന്ന് ജീവൻ രക്ഷിക്കാൻ പരിശ്രമിക്കേണ്ടതാണ്. മാതാപിതാക്കൾ കുട്ടികളുടെ മേൽ പ്രത്യേകം ദൃഷ്ടി വയ്ക്കേണ്ടതാണ്. കാരണം ഇക്കാലത്ത് പദ്ധതികൾ ആസൂത്രണം ചെയ്ത് കുട്ടികളെ ലഹരി ശീലമുള്ളവരാക്കാൻ ശ്രമം നടക്കുന്നുണ്ട്. പിന്നീട് അത്തരം കുട്ടികളുടെ അവസ്ഥ മെല്ലെമെല്ലെ വളരെ ദാരുണമായിത്തീരുന്നു. ഇവിടെയും നിങ്ങൾ നോക്കുക. ഈ ലഹരി കാരണത്താൽ എത്രയെത്രയാളുകളാണ് തങ്ങളുടെ ജീവൻ നശിപ്പിക്കുന്നത്. നിങ്ങൾ താമസിക്കുന്ന ഈ രാജ്യത്ത് വലിയൊരു ജനവിഭാഗത്തെ തന്നെ കാണാൻ കഴിയും. പുകവലി കാരണത്താൽ കഞ്ചാവ് തുടങ്ങിയ ലഹരിപദാർത്ഥത്തിന് അടിമയായി ജോലിയിൽ നിന്ന് പുറത്താകുന്നു. ഉദ്യോഗത്തിൽ നിന്ന് പുറത്താകുന്നു. വീട്ടിൽ നിന്നും പുറത്താകുന്നു. ജീവിതം തകരുന്നു. ഭാര്യാമക്കളെ വിഷമത്തിലാക്കി സ്വയം പാർക്കുകളിലും നടപ്പാതകളിലും പാലത്തിനടിയിലും കിടക്കുന്നു. അങ്ങേയറ്റം വൃത്തികെട്ട അവസ്ഥയിലായിരിക്കും. ജനങ്ങളുടെ അടുക്കൽ കൈനീട്ടി നടക്കുന്നു. ചവറു കുട്ടകളിൽ നിന്നും ചീഞ്ഞളിഞ്ഞ ഭക്ഷണപദാർത്ഥങ്ങൾ പെറുക്കി പെറുക്കി തിന്നുന്നു. ഇതിനെല്ലാം കാരണം ഈ വ്യർത്ഥമായ ശീലമാണ്. അതുകൊണ്ട് വ്യർത്ഥമായ ഒരുകാര്യത്തേയും നിസ്സാരമായി കാണരുത്. ഈ ചെറിയ ചെറിയ കാര്യങ്ങളാണ് പിന്നീട് വലുതായിത്തീരുന്നത്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: ഹദീസിൽ വന്നിരിക്കുന്നു. "അത്യാവശ്യമില്ലാത്ത കാര്യങ്ങൾ ഉപേക്ഷിക്കുക എന്നതും ഇസലാമിന്റെ സൗന്ദര്യത്തിൽപ്പെട്ടതാണ്." അതുപോലെത്തന്നെ പാൻ, ഹുഖ്വ, മുറുക്കാൻ, അഫ്യൂം തുടങ്ങിയ സാധനങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നതാണ് മാന്യത. ഇതിൽ നിന്ന് മറ്റുദോഷങ്ങളൊന്നും ഉണ്ടാകാനില്ലെന്ന് കരുതിയാലും ഇതുമുഖേന നാശമുണ്ടാകുന്നു. മനുഷ്യൻ പ്രയാസങ്ങളിൽകുടുങ്ങുന്നു. ഉദാഹരണത്തിന്, ജയിലിലായാൽ ശിക്ഷ എന്തായാലും കി ട്ടും എന്നാൽ കഞ്ചാവ്, ചരസ് തുടങ്ങിയ ലഹരി പദാത്ഥങ്ങൾ നല്കപ്പെടുകയില്ല. ഇനി ജയിലിലല്ല അതുപോലുള്ള മറ്റേതെങ്കിലും സ്ഥലമാണെങ്കിൽ അവിടെയും വേറെ പ്രയാസങ്ങൾ ഉണ്ടാകും. നല്ല ആരോഗ്യത്തെ നിരർത്ഥകമായ വസ്തുവിനാൽ നശിപ്പിക്കാൻ പാടില്ല. ശരീഅത്ത് നല്ലവണ്ണം തീരുമാനമെടുത്തിട്ടുള്ളതാണ്. അത് ഹാനികരമായ ഈ വസ്തുക്കളെ ഈമാന് ഹാനികരം എന്നു പറഞ്ഞിരിക്കുന്നു. ഇതിന്റെയെല്ലാം നേതാവാണ് മദ്യം. ലഹരി പദാർത്ഥങ്ങളും തഖ്വയും തമ്മിൽ ശത്രുവാണെന്നത് സത്യം തന്നെയാണ്. അഫ്യൂം വരുത്തിവയ്ക്കുന്ന കെടുതിയും വളരെ വലുതാണ്. വൈദ്യപരമായ നിലയിൽ ഇത് മദ്യത്തെക്കാൾ വീര്യമുള്ളതാണ്. മനുഷ്യൻ കൊണ്ടുവന്നിരിക്കുന്ന എല്ലാ കഴിവുകളേയും അത് നഷ്ടപ്പെടുത്തുന്നു. ഇപ്പോൾ അഫ്യൂമിനെക്കാൾ വീര്യമുള്ള വസ്തുക്കൾ ഉണ്ടാക്കിയെടുത്തിരിക്കുന്നു. ഈ വ്യർത്ഥമായ കാര്യങ്ങളിൽ നിന്ന് രക്ഷപ്പെടുന്നവർക്കു മാത്രമെ തഖ്വയിൽ നിലകൊള്ളാൻ സാധിക്കുകയുള്ളു, അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവരിൽ പെടാൻ കഴിയുകയുള്ളു. ഇവിടെ അഫ്യൂം, മദ്യത്തെക്കാൾ വീര്യമുള്ളതാണെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതിന്റെ ഉദ്ദേശ്യം മദ്യം വല്ലപ്പോഴും കുടിച്ചാൽ കുഴപ്പമൊന്നും ഇല്ലെന്നല്ല. അല്ലാഹു അതിനെ ഹറാമാക്കിയിരിക്കുന്നു. അത് ഹറാം തന്നെയാണ്. ഈ രാജ്യത്ത് മദ്യം സാധാരണയാണ്. ഇവിടെ കുടിക്കുന്നവരുടെ സഹവാസം എളുപ്പത്തിൽ കിട്ടും. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരുപാട് സൂക്ഷിക്കേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: മദ്യം ലഹരികളുടെ മാതാവാണ്. അത് ഇന്ന് ഹലാലായി മനസ്സിലാക്കപ്പെട്ടിരിക്കുന്നു. ഇതുമുഖേന യഥാർത്ഥ ഇസ്ലാമിന്റെ ഭാഗമായ അല്ലാഹുവിനോ

ടുള്ള വണക്കവും വിനയവും എന്താണെന്നറിയാതെ തികച്ചും അജ്ഞനായിത്തീരുന്നു. ഒരാൾ രാവും പകലും ലഹരിയിലാകുകയും ബോധമില്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾക്ക് മറ്റു തിന്മകൾ ചെയ്യാൻ എന്താണ് തടസ്സമുണ്ടാകുക. അവസരം കിട്ടുമ്പോഴൊക്കെ എല്ലാ തിന്മയും, ഉദാഹരണത്തിന് വ്യഭിചാരം, മോഷണം, ചൂതാട്ടം തുടങ്ങിയവയെല്ലാം ചെയ്യുന്നതാണ്. നമ്മുടെ ശരീഅത്ത് ഇതിനെയെല്ലാം പൂർണ്ണമായും തടഞ്ഞിരിക്കുന്നു. ഇതെല്ലാം ശയ്ത്വാന്റെ കർമ്മങ്ങളിൽ നിന്നുള്ളതാണെന്നും, അല്ലാഹുവുമായിട്ടുള്ള ബന്ധം വേർപെടുത്തുന്നതിനുവേണ്ടിയുള്ളതാണെന്നുംവരെ എഴുതിയിരിക്കുന്നു.

ഈ നാട്ടിലും മദ്യത്തിന്റെ ലഹരിയിൽ തെറ്റുകൾ ചെയ്ത് ജയിലിൽ അടയ്ക്കപ്പെടുന്നവരെ കാണാം. ഇവിടത്തെ സാമൂഹിക ജീവിതമനുസരിച്ച് പ്രത്യക്ഷത്തിൽ മാന്യരായ ചില വ്യക്തികളും മദ്യത്തിന്റെ ലഹരിയിൽ വഴിയിൽ കിടക്കുന്നത് കാണാൻ കഴിയുന്നു. പോലീസ് അവരെ എടുത്തുകൊണ്ടുപോകുന്നു.

പിന്നീട് വരുന്നത് ചൂതുകളിയാണ്. ഇതും വ്യർത്ഥമായ കാര്യങ്ങളിൽ പെട്ടതാണ്. മദ്യപാനികൾക്ക് പൊതുവെ ചൂതുകളി ശീലവും ഉണ്ടാകും. കൂടുതൽ പൈസ ലഭിക്കുന്നതിനുവേണ്ടിയാണിത്. ഇതെല്ലാം വ്യർത്ഥമായ കാര്യങ്ങളിൽപ്പെട്ടതാണെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് മനസ്സിലാക്കിത്തന്നിരിക്കുന്നു. അതുകൊണ്ട് അതിൽനിന്ന് രക്ഷപ്പെടുക. അവിടന്ന് പറയുന്നു:

"അല്ലാഹ്! അല്ലാഹ്! എത്ര മനോഹരമായ അദ്ധ്യാപനമാണ് വിശുദ്ധഖുർആനിന്റേത്. മനുഷ്യന്റെ ആയുസ്സിനെ വൃത്തികെട്ടതും ഹാനികരവുമായ വസ്തുക്കളുടെ പ്രഹരത്തിൽ നിന്നും രക്ഷിച്ചിരിക്കുന്നു. ഈ ലഹരി പദാർത്ഥങ്ങൾ, മദ്യം തുടങ്ങിയവ മനുഷ്യന്റെ ആയുസ്സിനെ ഒരുപാട് കുറച്ചു കളയുന്നു. അതിന്റെ ശക്തിയെ നശിപ്പിക്കുന്നു. വാർദ്ധക്യത്തിനു മുമ്പേ വൃദ്ധരാക്കുന്നു. ലഹരിപദാർത്ഥങ്ങളിൽ നിന്നുണ്ടാകുന്ന പാപങ്ങളിൽനിന്ന് കോടിക്കണക്കിനാളുകൾ രക്ഷപ്പെട്ടുവെന്നത് വിശുദ്ധഖുർആന്റെ ഔദാര്യമാണ്."

മദ്യം ബുദ്ധിപരമായ കഴിവുകളെ ഇല്ലാതാക്കുന്നുവെന്ന് ഇന്നത്തെ വൈദ്യശാസ്ത്രവും അംഗീകരിച്ചിട്ടുള്ളതാണ്. മദ്യം തുടങ്ങിയവ എന്നാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുള്ളത്. ഇതിൽ ഇന്നു പുതുതായി കണ്ടുപിടിക്കപ്പെടുന്ന എല്ലാ ലഹരിപദാർത്ഥങ്ങളും പെടുന്നു. അതുകൊണ്ട് ഈ രാജ്യത്ത് പാർത്തുകൊണ്ട് പ്രത്യേകമായ നിലയിൽ-ഇവിടെയാണെങ്കിൽ വ്യവസ്ഥാപിതമായ നിലയിലാണ് മദ്യത്തിന്റെ വ്യാപാരം നടക്കുന്നത്, മദ്യം കുടിക്കാൻ അനുവാദവുമുണ്ട്-ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട്, നിങ്ങളുടെ ഭാഗം രക്ഷിച്ചുകൊണ്ട് ഈ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുക. ശ്രമിച്ചുകൊണ്ടിരിക്കുക. അവിടന്ന് പറയുന്നു: അല്ലാഹുവിനെ വിട്ടുകൊണ്ട് തിന്മയിലും അഴുക്കിലും ഇരിക്കുക എന്നത് അല്ലാഹുവിനോടുള്ള നന്ദികേടുമാത്രമല്ല പ്രത്യുത, അല്ലാഹുവിലുള്ള വിശ്വാസത്തിലും സംശയമുണ്ടാക്കുന്നു. ഹദീസിൽ വന്നിരിക്കുന്നു. കള്ളൻ മോഷണം നടത്തുമ്പോൾ അവനിൽ ഈമാനുണ്ടാകുകയില്ല. വ്യഭിചാരി ആ ദുഷ്കൃത്യം ചെയ്യുമ്പോൾ അവനിൽ ഈമാനുണ്ടാകുകയില്ല. ഓർമിക്കുക, മുൻനിശ്ചയപ്രകാരമല്ലാതെ ഉണ്ടാകുന്ന ദുർബോധനത്തെ സംബന്ധിച്ച് ചോദിക്കപ്പെടുകയില്ല. ഏതെങ്കിലും പ്രവൃത്തി ചെയ്യാൻ മനുഷ്യൻ ഉറച്ചു തീരുമാനിക്കുമ്പോൾ അല്ലാഹു ചോദിക്കുന്നതാണ്. ഹൃദയത്തിൽനിന്ന് ഇക്കാര്യങ്ങൾ അകറ്റുന്നവനാണ് നല്ല മനുഷ്യൻ. എല്ലാ അവയവങ്ങളുടെയും പാപങ്ങളിൽനിന്ന് രക്ഷപ്പെടുക, കൈകൊണ്ട് പാപം ചെയ്യാതിരിക്കുക. പരദൂഷണം, ഏഷണി തുടങ്ങിയ ദോഷങ്ങൾ കേൾക്കാതിരിക്കുക. നിഷിദ്ധമായ കാര്യങ്ങളിലേക്ക് നോക്കാതിരിക്കുക. പാപത്തിന്റെ സ്ഥലത്തുകൂടെ നടക്കാതിരിക്കുക.

വീണ്ടും അവിടന്ന് പറഞ്ഞു: (ചില ശീലങ്ങൾ തങ്ങൾക്കു വിടാൻ കഴിയുന്നില്ലെന്ന് ചിലർ പറയാറുണ്ട്.) മനുഷ്യന് ശീലങ്ങൾ ഉപേക്ഷിക്കാൻ കഴിയും. അവനിൽ ഈമാനുണ്ടാകണമെന്നുമാത്രം. മുമ്പേയുള്ള ശീലം വലിച്ചെറിഞ്ഞ ഒരുപാടാളുകളുണ്ട്. എപ്പോഴും മദ്യപിച്ചു കൊണ്ടിരുന്ന ചിലയാളുകൾ, വാർധക്യാവസ്ഥയിൽ-അപ്പോൾ അതു ഉപേക്ഷിക്കുക എന്നത് സ്വയം രോഗിയായി മാറുക എന്നതാണ്-ഒരു പ്രശ്നവുമില്ലാതെ അത് ഉപേക്ഷിക്കുന്നു. അല്പം രോഗം ഉണ്ടായതിനുശേഷം ആരോഗ്യവാന്മാരായി ജീവിക്കുകയും ചെയ്യുന്നു. പറഞ്ഞു: ഞാൻ ഹുഖ്ഖയെ വിരോധിക്കുന്നുമില്ല, അനുവദിക്കുന്നുമില്ല; എന്നാൽ മനുഷ്യന് എന്തെങ്കിലും നിർബന്ധാവസ്ഥവരാം. ഇതൊരു വ്യർത്ഥമായ കാര്യമാണ്. ഇതിൽനിന്ന് മനുഷ്യൻ അകന്നിരിക്കേണ്ടതാണ്.

വളരെ ശ്രദ്ധിക്കേണ്ട ഒരു നിർദ്ദേശമാണ്. അവിടന്ന് പറയുന്നു: വ്യഭിചാരി, ദുർവൃത്തൻ, മദ്യപാനി, കൊലപാതകി, കള്ളൻ, ചൂതുകളിക്കാരൻ, വഞ്ചകൻ, കൈക്കൂലിവാങ്ങുന്നവൻ, കൊള്ളക്കാരൻ, അക്രമി, കളവുപറയുന്നവൻ, ചതിയനും അവരുടെ കൂട്ടുകാരും, സഹോദരി സഹോദരന്മാരുടെ മേൽ അപവാദം പറഞ്ഞ് പരത്തുന്നവൻ തുടങ്ങിയവർ തങ്ങളുടെ ദുഷ്ചെയ്തികളിൽ നിന്ന് തൗബ ചെയ്തു മടങ്ങുന്നില്ലെങ്കിൽ, ചീത്ത മജ്‌ലിസിനെ ഉപേക്ഷിക്കുന്നില്ലെങ്കിൽ അവർ ഈ ജമാഅത്തിൽപ്പെട്ടവരല്ല.

ഹസ്റത്ത് മസീഹ് മൗഊദ് (അ) വലിയ വലിയ പാപം ചെയ്യുന്നവരെയും, ജനങ്ങളുടെ അവകാശങ്ങൾ പിടിച്ചു പറിക്കുന്നവരെയും, ജനങ്ങളുടെമേൽ അക്രമം പ്രവർത്തിക്കുന്നവരെയും, കളവു പറയു

ന്നവരെയും, വഞ്ചിക്കുന്നവരെയും, ജനങ്ങളുടെ മേൽ കുറ്റം ആരോപിക്കുന്നവരെയും, ചീത്ത മജ്ലിസിൽ ഇരിക്കുന്നവരെയുമെല്ലാം ഒരേ ഗണത്തിൽപെടുത്തിയിരിക്കുന്നു. പറഞ്ഞു: അത്തരക്കാർക്ക് ഞാനുമായിട്ട് ഒരു ബന്ധവുമില്ല.

അതുകൊണ്ട് ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്. ഈമാൻ കൊണ്ടു എന്ന വാദത്തിനുശേഷം നമ്മളിൽ എന്തെങ്കിലും തിന്മയുണ്ടോ എന്നു നോക്കേണ്ടതാണ്. അല്ലെങ്കിൽ ആ ദോഷങ്ങൾ ചെയ്യുന്നവരുടെ കൂടെ ഇരിക്കുന്നവരാണോ എന്ന് നോക്കേണ്ടതാണ്. നമ്മുടെ മജ്ലിസ് പരിശുദ്ധമാണോ എന്ന് നോക്കേണ്ടതാണ്. നമ്മുടെ കർമ്മങ്ങൾ നമ്മെ അല്ലാഹുവിലേക്ക് കൊണ്ടുപോകുന്നതാണോ എന്ന് നോക്കേണ്ടതാണ്. അല്ലാഹു ഇതനുസരിച്ച് പ്രവർത്തിക്കാൻ എല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ.

ഇന്നുമുതൽ ജർമനി ജമാഅത്തിന്റെ വാർഷിക ജൽസ ആരംഭിച്ചിരിക്കുകയാണ്. ഈ ജൽസയുടെ ഉദ്ദേശ്യവും നമ്മുടെ ആത്മീയനില ഉയർത്തുകയും, ഉള്ളിൽ നന്മകൾ നിലനാട്ടുകയുമാണ്. ഈ ദിനങ്ങളിൽ ഒന്നാമതായി ദുആയിൽ ശക്തി ചെലുത്തുക. നിങ്ങൾക്കുവേണ്ടിയും നിങ്ങളുടെ പരിസരത്തിനുവേണ്ടിയും നിങ്ങളുടെ ബന്ധുക്കൾക്കുവേണ്ടിയും നിങ്ങളുടെ മക്കൾക്കുവേണ്ടിയും ജമാഅത്തിനുവേണ്ടിയും അധികമായി ദുആ ചെയ്യുക. രണ്ടാമതായി എന്തെന്തെല്ലാം വ്യർത്ഥമായ കാര്യങ്ങൾ തങ്ങളിലുണ്ടെന്ന് ഓരോരുത്തരും ആത്മ പരിശോധന നടത്തുക. ഓരോ തിന്മയും വ്യർത്ഥമായ കാര്യമാണ്. അല്ലെങ്കിൽ പാപമാണ്. അതകറ്റുന്നതിനുവേണ്ടി ശ്രമിക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതു പോലെ ഇതൊരു ഭൗതിക സമ്മേളനമല്ല. ഇത് ദീനിയും റൂഹാനിയുമായ ജൽസയാണ്. ദീനിയും റൂഹാനിയുമായ ഇജ്തിമയാണ്. എന്തെങ്കിലും കച്ചവടം നടത്തുന്നതിനോ, കണ്ടുമുട്ടി പിരിയുന്നതിനോ വേണ്ടിയല്ല ഇവിടെ സംഘടിക്കുന്നത്. ഹസ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഒരിക്കൽ പറയുകയുണ്ടായി. ഹജ്ജിന്റെ നിയമങ്ങൾ അനുസരിച്ച് നമുക്ക് ഈ സമ്മേളനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. 'ഫിസ്ഖ്' എന്ന പദത്തെ വിശദീകരിച്ചുകൊണ്ടാണ് അവിടന്ന് ഇതു പറഞ്ഞത്. ഇതിന്റെ മറ്റൊരു അർത്ഥം പ്രേമസല്ലാപമോ അതിക്രമമോ ദുർവിവാദമോ ഒന്നും ഹജ്ജിന് പോയാൽ ചെയ്യാൻ പാടില്ലെന്നാണ്. ഫുസൂഖ്: ഇതിന്റെ അർത്ഥം അനുസരണത്തിൽനിന്ന് പുറത്ത് ചാടുക എന്നതാണ്.

അതുകൊണ്ട് ഇവിടെയും ജമാഅത്തിനോട് സഹകരിക്കേണ്ടതും അനുസരിക്കേണ്ടതും നിങ്ങളുടെ കടമയാണ്. ചിലപ്പോൾ ചില കാരണങ്ങളാൽ പിണക്കവും വെറുപ്പും ഉണ്ടാകാൻ ഇടയുണ്ട്. ഇതെല്ലാം അനാവശ്യമായ കാര്യങ്ങളാണ്. ജൽസയുടെ നിസാമിനെ അംഗീകരിക്കാതിരിക്കുക എന്നതും വ്യർത്ഥമായ കാര്യങ്ങളിൽപ്പെട്ടതാണ്. പിന്നീട് ജിദാലിനെക്കുറിച്ച് പറഞ്ഞു. ഈ പിണക്കം കാരണം ചിലപ്പോൾ വഴക്കും ഉണ്ടാകുന്നു. പരസ്പരം കൈയും ഉയർത്തുന്നു.

ചിലപ്പോൾ ഡ്യൂട്ടി ചെയ്യുന്നവരോട് പ്രത്യേകിച്ച് പ്രവർത്തക എന്തെങ്കിലും കുട്ടിയെക്കുറിച്ച് പറഞ്ഞാൽ ഉമ്മയോ ബാപ്പയോ അടിക്കാൻ തുടങ്ങുന്നു. ഇതിൽ നിന്നെല്ലാം രക്ഷപ്പെടേണ്ടതാണ്.

അതുകൊണ്ട് ഈ ദിനങ്ങളിൽ ഈ എല്ലാ ലഗ്വിയായ, വ്യർത്ഥമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുക. നിങ്ങളെയും രക്ഷിക്കുക. നിങ്ങളുടെ നാവിനെ ദൈവസ്മരണകൊണ്ട് ആർദ്രമാക്കി വയ്ക്കുക. അല്ലാഹു എല്ലാവർക്കും ഇതിനു തൗഫീഖ് നല്കുമാറാകട്ടെ. പങ്കെടുക്കുന്ന എല്ലാവരെയും അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദുആയുടെ അനന്തരാവകാശികളാക്കുമാറാകട്ടെ.

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

**JUMUA KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 20- 08- 2004 at**
**Manhaim, Germany.**

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**